I/5199748/2022

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിബി4/146/2021-തസ്വഭവ
തദ്ദേശ സ്വയംഭരണ(ഡിബി)വകുപ്പ്
തിരുവനന്തപുരം,
തീയതി: 14-03-2022

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- കെ.എസ്.ഇ.ബി.യിൽ അപേക്ഷ സമർപ്പിക്കാത്തതുമൂലം വൈദ്യുതീകരിക്കാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ശേഖരിക്കുവാനും അത്തരം വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുവാനും നടപടി സ്വീകരിക്കുന്നത്- സംബന്ധിച്ച്

സൂചന:- ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ 22.06.2021-ലെ 185/M(Ele)/2021 നമ്പർ കത്ത്.

**********************

സമ്പൂർണ്ണമായി വൈദ്യുതീകരിച്ച സംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തെ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി.യിൽ അപേക്ഷ സമർപ്പിക്കാത്തതുമൂലം വൈദ്യുതീകരിക്കാത്ത വീടുകൾ ഉള്ളതായി അറിയുവാൻ കഴിയുന്നുവെന്നും ഇനിയും വൈദ്യുതി കണക്ഷൻ എടുക്കാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ശേഖരിക്കുവാനും അത്തരം വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുവാനും ഉദ്ദേശിക്കുന്നതായും ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തണമെന്നും ബഹു. വൈദ്യുതി വകുപ്പ് മന്ത്രി സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകുന്നു.

ബിജു പ്രഭാകർ
സെക്രട്ടറി

ഉത്തരവിൻ പ്രകാരം
**Signed by Reenamma P A**
**Date: 14-03-2022 16:32:52**
സെക്ഷൻ ഓഫീസർ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ& പിആർഡി.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്- ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്